Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2024/1562 (26) തീയതി :04.06.2024

## സർക്കുലർ

**വിഷയം:- കൈറ്റ് - നിലവിലുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ പുതിയ ബാച്ചിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.

വിവരവിനിമയ സാങ്കേതിക വിദ്യയിൽ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ പരിശീലനം നൽകി സജ്ജരാക്കുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) പദ്ധതി നടപ്പിലാക്കുന്നതിന് സൂചന പ്രകാരം കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അംഗീകാരം ലഭിച്ച എല്ലാ യൂണിറ്റുകളിലും 2024-27 ബാച്ചിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് താഴെപറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിൽ യൂണിറ്റ് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള വിദ്യാലയങ്ങൾ 2024-27 ബാച്ച് അനുവദിക്കുന്നതിന് അവരുടെ യൂണിറ്റ് വിശദാംശങ്ങൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ജൂൺ 6-ന മുൻപ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
2. യൂണിറ്റ് രജിസ്ട്രേഷൻ ലഭിച്ച വിദ്യാലയങ്ങളിൽ 2024-25 അധ്യയന വർഷം എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 2024 ജൂൺ 11-നകം അംഗത്വത്തിന് അപേക്ഷ പ്രഥമാധ്യാപകന് നൽകാവുന്നതാണ്. അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.
3. കുട്ടികളിൽ നിന്ന് ലഭിച്ച എല്ലാ അപേക്ഷകളും ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ 2024 ജൂൺ 12 വൈകുന്നേരം 5 മണിക്കകം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.
4. അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് കൈറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എല്ലാ യൂണിറ്റുകളിലും 2024 ജൂൺ 15 ന് അഭിരുചി പരീക്ഷ നടത്തേണ്ടതാണ്.
5. സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ 30 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷയിൽ, ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യബാങ്കിൽ നിന്നും ഓരോ കുട്ടിക്കും ലഭിക്കുന്ന 20 ചോദ്യങ്ങൾക്ക് കുട്ടി ഉത്തരം നൽകേണ്ടതാണ്.
6. അഭിരുചി പരീക്ഷയിൽ 25 ശതമാനമോ അതിലധികമോ സ്കോർ നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് ഓരോ യൂണിറ്റിനും അനുവദിച്ചിരിക്കുന്ന ആകെ എണ്ണത്തിൽ കൂടാത്ത വിധത്തിൽ മികച്ച സ്കോർ കരസ്ഥമാക്കുന്ന കുട്ടികളെയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തെരഞ്ഞെടുക്കുന്നത് (ഓരോ യൂണിറ്റിലും അനുവദിച്ച സീറ്റുകളുടെ എണ്ണം കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്).
7. അഭിരുചി പരീക്ഷയിൽ ലോജിക്കൽ-ഗണിതം, പ്രോഗ്രാമിംഗ്, 5, 6, 7 ക്ലാസുകളിലെ ഐ.ടി.പാഠപുസ്തകം, ഐ.ടി. മേഖലയിലെ പൊതുവിജ്ഞാനം എന്നീ നാല് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് ലോജിക്കൽ-ഗണിതം വിഭാഗത്തിൽ നിന്ന് ആറും പ്രോഗ്രാമിംഗ് വിഭാഗത്തിൽ നിന്ന് നാലും ഐ.ടി. പാഠപുസ്തകം, ഐ.ടി മേഖലയിലെ പൊതുവിജ്ഞാനം എന്നിവയിൽ നിന്ന് അഞ്ച് വീതവും ചോദ്യങ്ങളാണ് ലഭിക്കുക.

8. അഭിരുചി പരീക്ഷയിൽ നേടിയ സ്കോറിന്റെ അടിസ്ഥാനത്തിൽ ഒരേ സ്കോർ നേടിയ ഒന്നിലധികം കുട്ടികൾ (ടൈ) വന്നാൽ, അവർക്ക് ലോജിക്കൽ-ഗണിത വിഭാഗത്തിൽ ലഭിച്ച സ്കോറുകളുടെ വെയിറ്റേജ് സ്കോറിനോടൊപ്പം കൂട്ടിച്ചേർത്ത് ടൈ ബ്രേക്ക് ചെയ്യുന്നതാണ്. തുടർന്നും ടൈ വരുകയാണെങ്കിൽ അവർക്ക്, യഥാക്രമം പ്രോഗ്രാമിംഗ്, ജനറൽ, ഐ.ടി. പുസ്തകം എന്നിവയുടെ സ്കോറുകളുടെ വെയിറ്റേജ് കൂട്ടിച്ചേർത്ത് ടൈ ബ്രേക്ക് ചെയ്യുന്നതാണ്. നാല് ഘട്ടങ്ങൾക്ക് ശേഷവും ടൈ നിലനിൽക്കുകയാണെങ്കിൽ ആ വിദ്യാർത്ഥികളെയെല്ലാം അംഗത്വത്തിലേക്ക് പരിഗണിക്കുന്നതാണ്.
9. അഭിരുചി പരീക്ഷയിൽ കുറഞ്ഞത് 20 കുട്ടികളെങ്കിലും യോഗ്യത നേടുന്ന വിദ്യാലയങ്ങളിൽ 2024-27 ലിറ്റിൽ കൈറ്റ്സ് ബാച്ച് അനുവദിക്കുന്നതാണ്.
10. അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരിൽ യൂണിറ്റിൽ തുടരാൻ താല്പര്യമില്ലാത്ത കുട്ടികളെ രക്ഷകർത്താവിന്റെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി പ്രസ്തുത ഒഴിവിലേക്ക് തൊട്ടടുത്ത റാങ്കിലുള്ള കുട്ടികളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ പ്രഥമാധ്യാപകർ നിശ്ചിത ഫോർമാറ്റിൽ (അനുബന്ധം 2) 2024 ജൂലൈ 5 നകം കൈറ്റ് ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്. ഇതിന്റെ ക്രോഡീകരണം ജൂലൈ 10 നകം ജില്ലാ കോ-ഓർഡിനേറ്റർമാർ സ്റ്റേറ്റ് ഓഫീസിൽ നൽകേണ്ടതുമാണ് (ods & pdf). ഇതിന് ശേഷമുള്ള യാതൊരു അപേക്ഷകളും പരിഗണിക്കുന്നതല്ല.
11. പരീക്ഷ നടത്തിപ്പിൽ ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ യൂണിറ്റിന്റെ അംഗീകാരം റദ്ദാക്കുന്നതാണ്.
12. അഭിരുചി പരീക്ഷ സംബന്ധിച്ച് ആശയവ്യക്തത വരുത്തുന്നതിനായി കൈറ്റ്-വിക്ടേഴ്സിൽ ജൂൺ 8, 9, 10 തീയതികളിൽ രാവിലെ 7.00 ന് പ്രത്യേക ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതാണ് (വൈകിട്ട് 7.00 മണി മുതൽ പുനഃസംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്). ജൂൺ 11, 12, 13 തീയതികളിലും ഇതേ സമയങ്ങളിൽ തന്നെ ക്ലാസുകൾ പുനഃസംപ്രേഷണം ചെയ്യുന്നതാണ്.
13. യൂണിറ്റ് അനുവദിക്കപ്പെട്ട സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ കൈറ്റ് പുറപ്പെടുവിക്കുന്ന പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നിലവിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർ, മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ

# ലിറ്റിൽ കൈറ്റ്സ്

**അംഗത്വത്തിനുള്ള അപേക്ഷാഫോറം**

……………………………………… സ്കൂളിൽ …………………………. (ക്ലാസ് & ഡിവിഷൻ) പഠിക്കുന്ന ………………………………………………………………………………………. എന്ന ഞാൻ ലിറ്റിൽ കൈറ്റ്സിന്റെ നിയമാവലിയും മാർഗരേഖകളും പൂർണ്ണമായും വായിച്ച് മനസ്സിലാക്കിയിട്ടുണ്ട്. അവയിൽ സൂചിപ്പിച്ചപ്രകാരം ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിൽ ഞാൻ സജീവ പങ്കാളിയാകാൻ ആഗ്രഹിക്കുന്നു.

ആയതിനാൽ സ്കൂളിലെ ………………. വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ അംഗത്വം നൽകണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാർഥിയുടെ ഒപ്പ് :

സ്ഥലം:
രക്ഷിതാവിന്റെ പേര് :

തിയതി:
ഒപ്പ് :

അനുബന്ധം -2

# Little Kites 2024-27

## Details of students migrated to other clubs or not wish to continue and New Students to be included. (from Rank List Only)

| **District** | |
|---|---|

| Sl No | school code. | Details of the Migrated Student | | | | Details of the new students to be added | | | | DC Report ( Is Verified all Documents from School) |
|---|---|---|---|---|---|---|---|---|---|---|
| | | Reg No | Ad No | Name | Rank | Reg No | Ad No | Name | Rank | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |